**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 109** **22-07-2021 - ൽ മറുപടിയ്ക്ക്**

**പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച വരുമാനം എത്ര കോടി രൂപയാണ്; പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ് മൂലം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വർദ്ധനവ് ലഭിക്കുന്നുണ്ടോ; എങ്കിൽ ഇതിൽ നിന്നും എത്ര ശതമാനം വർദ്ധനവാണ് മേൽപ്പറഞ്ഞ കാലയളവിൽ ലഭിച്ചത് എന്നതിന്റെ വിശദാംശം കൂടി ലഭ്യമാക്കുമോ; | (എ) | 2016 മുതൽ നാളിതുവരെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച വരുമാനം, മുൻ വർഷങ്ങളെ അപേക്ഷിച്ചുള്ള വർദ്ധനവ് / കുറവ്, മുൻ വർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവിന്റെ/കുറവിന്റെ ശതമാനം എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കേന്ദ്ര സർക്കാർ നയത്തിന്റെ ഭാഗമായി പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിക്കുന്നതു മൂലം പൊറുതിമുട്ടിയ സാധാരണക്കാർക്ക് ആശ്വാസം നൽകുവാൻ സംസ്ഥാന സർക്കാരിന് ലഭിക്കുന്ന അധിക നികുതിവരുമാനം വേണ്ടെന്നു വയ്ക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ സംസ്ഥാന പൊതു വില്പന നികുതിയും, കേന്ദ്ര നികുതികളും ഉൾപ്പെടുന്നുണ്ട്. പെട്രോളും ഡീസലും നിലവിൽ ജി.എസ്.ടി. നിയമത്തിന്റെ പരിധിയിലേക്ക് കൊണ്ടുവന്നിട്ടില്ല. കേരളത്തിൽ ഇവ കേരള പൊതു വില്പന നികുതിയുടെ പരിധിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ കേരളത്തിലെ പൊതു വില്പന നികുതി പെട്രോളിന് 30.08% ഉം ഡീസലിന് 22.76%-ഉം ആണ്. 31.05.2018-ലെ എസ്.ആർ.ഒ നമ്പർ 345/2018 പ്രകാരം പെട്രോളിന്റെ സംസ്ഥാന നികുതി 31.80% ൽ നിന്നും 30.08% ആയും ഡീസലിന്റെ സംസ്ഥാന നികുതി 24.52% ൽ നിന്നും 22.76% ആയും കുറയ്ക്കുകയുണ്ടായി. 01.06.2018 മുതൽ ഈ നിരക്ക് പ്രാബല്യത്തിൽ വന്നു. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധന വില വർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് കുറയുന്നതാണ്. |
| (സി) | പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധന തടയുവാനായി പെട്രോളിയം ഉൽപ്പന്നങ്ങൾ ജി.എസ്.ടിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര | (സി) | പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് വൻ നികുതിനഷ്ടത്തിന് വഴിയൊരുക്കുന്ന |

| | | | |
|---|---|---|---|
| | സർക്കാരിനോടും ജി.എസ്.ടി. കൗൺസിലിനോടും ആവശ്യപ്പെട്ടുവാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ? | | സാഹചര്യമുള്ളതിനാൽ പെട്രോളിയം ഉല്പന്നങ്ങളെ പൂർണ്ണമായും ജി.എസ്.ടി.യിൽ ഉൾപ്പെടുത്താതെ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേരളാ പൊതുവിൽപന നികുതി നിയമം 1963 അനുസരിച്ച് യഥാക്രമം 30.08, 22.76 ശതമാനം വീതമാണ് നികുതി നിരക്ക്. എന്നാൽ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുമ്പോൾ ചരക്കുസേവന നികുതി നിയമ ഷെഡ്യൂൾ പ്രകാരം നിശ്ചിയിച്ചിരിക്കുന്ന പരമാവധി നികുതി നിരക്കായ 28% ചുമത്തിയാൽ പോലും സംസ്ഥാനത്തിന് SGST വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ. ഉചിതമായ നഷ്ടപരിഹാരം ലഭിക്കുകയാണെങ്കിൽ മാത്രമെ പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്ന ചർച്ചകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ എന്നാണ് സർക്കാരിന്റെ നിലപാട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| വർഷം | നികുതി വരുമാനം (Cr) | കുറവ്/വർദ്ധനവ് | കുറവ്/വർദ്ധനവ് (ശതമാനം) |
|---|---|---|---|
| 2016-17 | 6875.99 | | |
| 2017-18 | 7442.88 | വർദ്ധനവ് | 8.24 |
| 2018-19 | 8000.49 | വർദ്ധനവ് | 7.49 |
| 2019-20 | 7906.61 | കുറവ് | -1.17 |
| 2020-21 | 7120.65 | കുറവ് | -9.94 |

(signature)

**സെക്ഷൻ ഓഫീസർ**